# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4508 — 13.11.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകർക്ക് വരുമാനം ഉറപ്പാക്കുന്നതിന് പദ്ധതി

### ചോദ്യം

**ശ്രീ.സി.കൃഷ്ണൻ**

പാൽ ഉല്പാദനം വർദ്ധിപ്പിക്കാനും ക്ഷീരകർഷകർക്ക് വരുമാനം ഉയർത്താനും ഉതകുന്ന തരത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

### മറുപടി

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

പാൽ ഉല്പാദനം വർദ്ധിപ്പിക്കാനും ക്ഷീര കർഷകർക്ക് വരുമാനം ഉയർത്തുവാനും വേണ്ടി സംസ്ഥാന സർക്കാർ 2019-20 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
   a) ക്ഷീരഗ്രാമം പദ്ധതി
   b) അവശ്യാധിഷ്ഠിത സഹായം
   c) ഡയറി ഫാമുകൾക്ക് യന്ത്രവത്കരണം
   d) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
   e) ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ക്ഷീരകർഷകരുടെ പ്രധാനപ്രശ്നമായ വർദ്ധിച്ച തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ / മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പാക്കി വരുന്നുണ്ട്.

കോമ്പോസിറ്റ് ഡയറി യൂണിറ്റ്, എലിവേറ്റഡ് കാറ്റിൽ ഷെഡ്, പ്രളയദുരിതാശ്വാസ പദ്ധതിയായി ക്ഷീര നവോത്ഥാനം, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീര സംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ എന്നീ പദ്ധതികളും നടപ്പിലാക്കുന്നു.

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധന സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധന സഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**